# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 518

06.02.2013-ൽ മറുപടിക്ക്

## ക്രെഡിറ്റ് സഹകരണ സംഘങ്ങൾ

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ്
ശ്രീ. റ്റി. യു. കുരുവിള
ശ്രീ. സി. എഫ്. തോമസ്
ശ്രീ. തോമസ് ഉണ്ണിയാടൻ

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ക്രെഡിറ്റ് സഹകരണ സംഘങ്ങളിലൂടെ കുറഞ്ഞ പലിശ നിരക്കിൽ ഭവനനിർമ്മാണ വായ്പ നല്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ;

(എ) ക്രെഡിറ്റ് സഹകരണ സംഘങ്ങൾ നിക്ഷേപ ഇനത്തിൽ ലഭിക്കുന്ന തുകയിൽ നിന്നാണ് വായ്പകൾ നൽകുന്നത്. ടി സംഘങ്ങളുടെ നിയമാവലി വ്യവസ്ഥകൾ വിധേയമായി, കുറഞ്ഞ പലിശ നിരക്കിൽ നബാർഡ്, നാഷണൽ ഹൗസിംഗ് ബാങ്ക് തുടങ്ങിയ ഏജൻസികളിൽ നിന്ന് ധനസഹായം ലഭിക്കുകയാണെങ്കിൽ കുറഞ്ഞ പലിശ നിരക്കിൽ സംഘങ്ങൾക്ക് വായ്പ നൽകാൻ കഴിയും.

(ബി) കൃഷി ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ ക്രെഡിറ്റ് സഹകരണ സംഘങ്ങളിലൂടെ നല്കുന്ന കാർഷിക വായ്പാ പരിധി വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(ബി) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ വിതരണം ചെയ്യുന്ന ഹ്രസ്വകാല/ മധ്യകാല കാർഷിക വായ്പകളുടെ പരിധി 10 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ നെൽകൃഷിയ്ക്ക് പരിധിയില്ലാതെ പലിശ രഹിത വായ്പയും നൽകുന്നതാണ്. ജില്ലാതലത്തിൽ അടുത്തുകൂടുന്ന ടെക്നിക്കൽ കമ്മിറ്റികൾ സ്കെയിൽ ഓഫ് ഫിനാൻസ്

മാറ്റം വരുത്തുന്ന പക്ഷം വായ്പാപരിധി ഉയർത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. കാർഷിക വിള, വിളയുടെ കാലയളവ്, കൃഷി ചെലവ്, വിളയ്ക്ക് വേണ്ടി വരുന്ന സ്ഥലത്തിന്റെ വിസ്തൃതി എന്നിങ്ങനെയുള്ള നിരവധി ഘടകങ്ങൾ പരിഗണിച്ചു കൊണ്ടാണ് സ്കെയിൽ ഓഫ് ഫിനാൻസ് നിശ്ചയിക്കുന്നത്.

**സെക്ഷൻ ഓഫീസർ**